# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 78** | **30.01.2019 ലെ മറുപടി**

## നദികളെ സംരക്ഷിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, വി.എസ്.ശിവകുമാർ<br>,, അടൂർ പ്രകാശ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നദികളിലും പുഴകളിലും നടക്കുന്ന വ്യാപകമായ കയ്യേറ്റവും മലിനീകരണവും സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജലമലിനീകരണം ഇല്ലാതാക്കുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഉണ്ട്;<br>ഹരിത കേരളം മിഷൻ ഇതിന് മാർഗ്ഗദർശകമായ പ്രവർത്തനരേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും, പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത ആക്ഷൻ പ്ലാൻ വിജയകരമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |

(ഡി) പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ഡി) പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെ യാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, എൽ.എസ്.ജി.ഡി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, റാന്നി എം.എൽ.എ ശ്രീ. രാജു എബ്രഹാം എന്നിവരെ ഉൾപ്പെടുത്തി ആറ് മീറ്റിംഗുകൾ നടത്തി. മേൽ വകുപ്പുകൾ ലഭ്യമാക്കിയ കരട് പ്രൊപ്പോസലുകൾ പഠിച്ച് ഒരു സമഗ്രമായ മാസ്റ്റർപ്ലാൻ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ പ്രോജക്ട് 2, സൂപ്രണ്ടിംഗ് എഞ്ചിനീയർ (south circle) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**